"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവിതശൈലി രോഗങ്ങളുടെ പരിശോധനക്ക് മൊബൈൽ യൂണിറ്റുകൾക്ക് ധനസഹായം - സബ്സിഡി–ധനസഹായ മാർഗ്ഗരേഖയിലെ നിലവിലെ മാനദണ്ഡങ്ങൾക്കൊപ്പം അധിക നിബന്ധനകൾ ചേർത്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1175/2024/LSGD തീയതി,തിരുവനന്തപുരം, 30-06-2024

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 3.13

**ഉത്തരവ്**

പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി, ജീവിതശൈലി രോഗങ്ങളുടെ പരിശോധനക്ക് മൊബൈൽ യൂണിറ്റുകൾക്ക് ധനസഹായം നൽകാൻ പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.5.2 (എ) (16,17) എന്നിവ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.5.2 (എ) (16,17) യിൽ നിലവിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾക്കൊപ്പം ചുവടെ പറയുന്ന നിബന്ധനകൾ കൂടി കൂട്ടിച്ചേർത്ത് ഉത്തരവാകുന്നു.

'ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കുള്ള മൊബൈൽ യൂണിറ്റുകളിൽ ഒരു യൂണിറ്റിൽ കുറഞ്ഞത് MLT ഡിപ്ലോമ യോഗ്യതയും പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഒരു ലാബ് ടെക്നീഷ്യൻ ഉണ്ടായിരിക്കണം. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സ്റ്റാൻഡേർഡ് മുൻകരുതൽ എടുക്കുന്നതിൽ പ്രാവീണ്യം, അണുവിമുക്തമായ രക്ത ശേഖരണം, ഡിസ്പോസിബിൾ സൂചികൾ, സിറിഞ്ചുകൾ, കൈയ്യുറകൾ, സൂചി ഡിസ്ട്രോയർ, എന്നിവ ആവശ്യമാണ്. പരിശോധനയുടെ ഭാഗമായി ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് വേർതിരിക്കുകയും നീക്കം ചെയ്യുകയും വേണം. IMAGE (*Indian Medical Association Goes Eco-friendly*) വഴി ബയോമെഡിക്കൽ മാലിന്യം നീക്കം ചെയ്യുന്നതിന് മൊബൈൽ യൂണിറ്റിനെ ഒരു സ്ഥാപനമായി കണക്കാക്കി ഇമേജുമായി രജിസ്റ്റർ ചെയ്യണം. ഈ മാലിന്യങ്ങൾ നിർദ്ദിഷ്ട രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം പരിശോധനകളിലൂടെ ഉറപ്പുവരുത്തണം. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാത്രമേ ഈ പ്രോജക്ട് നടപ്പാക്കാവൂ.'

2. മേൽ പ്രകാരം പരാമർശിത മാർഗ്ഗരേഖയിലെ പ്രതിപാദ്യ ഖണ്ഡികകൾ ഭേദഗതി ചെയ്തും ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശിത മാർഗ്ഗരേഖ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-07-2024 15:06:26

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്